REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-12-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നാവിക ദിനാഘോഷത്തിൽ പങ്കെടുക്കാൻ രാഷ്ട്രപതി ദ്രൗപതി മുർമു ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്തെത്തും.**
- **പാർലമെന്റിൽ ഗവൺമെന്റും പ്രതിപക്ഷവും തമ്മിൽ ഉണ്ടായിരുന്ന അഭിപ്രായ ഭിന്നത പരിഹരിച്ചു.**
- **രാജ്യത്തെ റേഷൻകാർഡുകൾ ഏതാണ്ട് പൂർണമായി ഡിജിറ്റൈസ് ചെയ്തതായി കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി.**
- **തദ്ദേശ തിരഞ്ഞെടുപ്പ് വോട്ടിംഗ് യന്ത്രങ്ങളിൽ ബാലറ്റ് ലേബൽ പതിക്കുന്ന പ്രവൃത്തി ആരംഭിച്ചു.**
- **ഇന്ത്യ - ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം അല്പസമയത്തിനകം റായ്പൂരിൽ ആരംഭിക്കും.**

## വാർത്തകൾ വിശദമായി

നാവിക ദിനാഘോഷത്തിൽ പങ്കെടുക്കാൻ രാഷ്ട്രപതി ദ്രൗപതി മുർമു ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്തെത്തും. വൈകിട്ട് ശംഖുമുഖത്തെ നാവികസേനയുടെ അഭ്യാസ പ്രകടനങ്ങളിൽ രാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി....

....(വോയ്സ്)...........

നാവികസേനയുടെ ശക്തി പ്രകടനത്തിനായുള്ള എല്ലാ ഒരുക്കങ്ങളും ശംഖുമുഖത്ത് പൂർത്തിയായിക്കഴിഞ്ഞു. ശംഖുമുഖത്ത് എത്തുന്ന സേനയുടെ

സുപ്രീം കമാൻഡർ കൂടിയായ രാഷ്ട്രപതിയെ എംഎച്ച് 60 ആർ ഹെലികോപ്റ്റർ സല്യൂട്ടുമായായാവും നാവിക സേന സ്വീകരിക്കുക. 5.15-ന് രാഷ്ട്രപതി വേദിയിലെത്തും. ഐഎൻഎസ് വിക്രാന്ത് അടക്കം സുപ്രധാന യുദ്ധക്കപ്പലുകളും നാവിക സേനയുടെ വിമാനങ്ങളും ഹെലികോപ്റ്ററുകളും അടക്കം അണിനിരക്കുന്ന അഭ്യാസ പ്രകടനങ്ങൾ രാഷ്ട്രപതി വീക്ഷിക്കും. 6.45-ന് ആയിരിക്കും രാഷ്ട്രപതി ചടങ്ങിനെ അഭിസംബോധന ചെയ്യുക. മറൈൻ കമാൻഡോകളുടെ പ്രകടനം, രക്ഷാ-പ്രതിരോധ പ്രവർത്തനങ്ങളുടെ അവതരണം തുടങ്ങിയവയ്ക്ക് ശേഷം കേരളീയ കലാരൂപങ്ങളുടെ പ്രകടനവും ഉണ്ടാകും. ഇവയെല്ലാം എൽഇഡി സ്ക്രീനുകളിലൂടെ വീക്ഷിക്കാനുള്ള അവസരവും ശംഖുമുഖത്തു ലഭ്യമാക്കിയിട്ടുണ്ട്.

✪✪✪

നാവിക ദിനാഘോഷത്തോട് അനുബന്ധിച്ച് ഉച്ചയ്ക്ക് 12 മുതൽ തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. നാവിക ദിനാഘോഷത്തിൽ പങ്കെടുക്കാൻ ശംഖുമുഖം, വെട്ടുകാട് ഭാഗത്തേക്ക്, പാസ് നൽകിയ വാഹനങ്ങൾക്ക് മാത്രമേ പ്രവേശനമുണ്ടാകൂ എന്ന് സിറ്റി ട്രാഫിക് പൊലീസ് അറിയിച്ചു.

✪✪✪

പാർലമെന്റിൽ ഗവൺമെന്റും പ്രതിപക്ഷവും തമ്മിലുണ്ടായിരുന്ന അഭിപ്രായ ഭിന്നത പരിഹരിച്ചു. വന്ദേമാതരത്തിന്റെ 150-ാം വാർഷികം, തെരഞ്ഞെടുപ്പ് പരിഷ്കരണങ്ങൾ എന്നിവ സംബന്ധിച്ച ചർച്ചകൾക്ക് ഇരുപക്ഷവും തയ്യാറായി. തെരഞ്ഞെടുപ്പ് പരിഷ്കരണ ചർച്ചയ്ക്ക് ലോക്സഭയിൽ പത്ത് മണിക്കൂർ സമയം അനുവദിച്ചു. ഈ മാസം ഒമ്പതിനും പത്തിനുമാണ് ചർച്ച. വന്ദേമാതരം 150-ാം വാർഷികത്തിലെ ചർച്ച ഈ മാസം എട്ടിന് ഉച്ചക്ക് ആരംഭിക്കും.

പ്രതിപക്ഷ ബഹളത്തെ തുടർന്ന് കഴിഞ്ഞ രണ്ട് ദിവസം ഇരുസഭകളും തടസ്സപ്പെട്ടിരുന്നു.

✪✪✪

റിസർവ് ബാങ്കിന്റെ മൂന്ന് ദിവസത്തെ ധന നയ സമിതി യോഗത്തിന് ഇന്ന് തുടക്കം. ദ്വൈമാസ സാമ്പത്തിക നയത്തിലെ പലിശ നിരക്ക് തീരുമാനിക്കാനും, നയം അവലോകനം ചെയ്യാനുമാണ് മുംബൈയിൽ യോഗം ചേരുന്നത്. പുതിയ നിരക്ക് RBI ഗവർണർ സഞ്ജയ് മൽഹോത്ര മറ്റന്നാൾ പ്രഖ്യാപിക്കും.

✪✪✪

രാജ്യത്ത് 2027-ൽ ജനസംഖ്യാ കണക്കെടുപ്പ് നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്ന് ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായി ഇന്നലെ ലോക്സഭയെ അറിയിച്ചു. രണ്ട് ഘട്ടങ്ങളായാണ് കണക്കെടുപ്പ്. ആദ്യഘട്ടത്തിൽ വീടുകളുടെ പട്ടികയും, കണക്കെടുപ്പും 2026 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ നടത്തും.

2027 ഫെബ്രുവരിയിൽ ആരംഭിക്കുന്ന രണ്ടാം ഘട്ടത്തിലായിരിക്കും ജനസംഖ്യാ കണക്കെടുപ്പ്. 2027 മാർച്ച് ഒന്ന് അടിസ്ഥാനമാക്കിയാണ് കണക്കെടുപ്പ്.. 2027 ലെ  സെൻസസിൽ ജാതി  കണക്കെടുപ്പും ഉണ്ടായിരിക്കും.

✪✪✪

വഖഫ് സ്വത്തുക്കളുടെ വിവരങ്ങൾ ഉമീദ് പോർട്ടലിൽ അപ്ലോഡ് ചെയ്യാവുന്ന അവസാന തീയതി ഈ മാസം അഞ്ചാണെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു ആവർത്തിച്ച് വ്യക്തമാക്കി. സമയപരിധി നീട്ടണമെന്ന ആവശ്യം സുപ്രീം കോടതി നിരസിച്ചതായി അദ്ദേഹം സാമൂഹിക മാധ്യമ  പോസ്റ്റിൽ കുറിച്ചു.

✪✪✪

രാജ്യത്തെ റേഷൻകാർഡുകൾ ഏതാണ്ട് പൂർണമായി ഡിജിറ്റൈസ് ചെയ്തതായി കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി ലോക്സഭയെ അറിയിച്ചു. 20 കോടി 58 ലക്ഷത്തിൽ പരം റേഷൻ കാർഡുകളാണ് ഡിജിറ്റലാക്കിയത്. പ്രധാൻ മന്ത്രി ഗരീബ് കല്യാൺ അന്ന യോജനയിൽ 2029 വരെ ഗുണഭോക്താക്കൾക്ക് സൗജന്യ റേഷൻ നൽകുമെന്നും ജോഷി പറഞ്ഞു. എല്ലാ മാസവും ഈ വിഭാഗത്തിൽപെട്ട കാർഡ് ഉടമകൾക്ക് ഓരോ അംഗത്തിനും അഞ്ച് കിലോ വീതം ഭക്ഷ്യധാന്യം വിതരണം ചെയ്യും.

✪✪✪

ബാല വിവാഹ മുക്ത ഭാരത ക്യാമ്പയിനിന്റെ ഭാഗമായി നൂറ് ദിവസത്തെ ബോധവത്കരണ പരിപാടിക്ക് നാളെ ഡൽഹിയിൽ തുടക്കമാകും.  കേന്ദ്രമന്ത്രി അന്നപൂർണാ ദേവി ക്യാമ്പയിൻ ഔപചാരികമായി ഉദ്ഘാടനം ചെയ്യും. ഒരു വർഷത്തെ ബാല വിവാഹ മുക്ത ഭാരത് പരിപാടിയിലാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ബാല വിവാഹത്തിനെതിരായ പ്രതിജ്ഞയും ഹ്രസ്വ ചിത്ര പ്രദർശനവും ഉൾപ്പെടെ പരിപാടികൾ ഇതിന്റെ ഭാഗമായി നടത്തും.

✪✪✪

ഇന്ത്യയുടെ ആദ്യ രാഷ്ട്രപതി ഡോ. രാജേന്ദ്ര പ്രസാദിന് ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. രാജേന്ദ്ര പ്രസാദിന്റെ മാതൃകാപരമായ സേവനങ്ങളും ദർശനങ്ങളും ഭാവി തലമുറയെ പ്രചോദിപ്പിക്കുമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

അനധികൃത കുടിയേറ്റക്കാർക്ക് രാജ്യത്ത് നിയമപരമായ അവകാശമില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി. നിയമ വിരുദ്ധമായി രാജ്യത്ത് പ്രവേശിക്കുന്നവർക്ക് ചുവന്ന പരവതാനി വിരിക്കാൻ കഴിയില്ലെന്നും കോടതി അറിയിച്ചു. ഏതാനും റോഹിംഗ്യൻ അഭയാർത്ഥികൾ അധികൃതരുടെ കസ്റ്റഡിയിൽ നിന്ന് അപ്രത്യക്ഷർ ആയതായി ആരോപിച്ച് സമർപ്പിച്ച ഹേബിയസ് കോർപ്പസ് ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

✪✪✪

ഡൽഹി ചുവപ്പുകോട്ട സ്ഫോടന സംഭവത്തിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി മുതിർന്ന അഭിഭാഷകൻ മാധവ് ഖുരാനയെ ആഭ്യന്തര മന്ത്രാലയം നിയമിച്ചു. നവംബർ പത്തിലെ സ്ഫോടനത്തിൽ 15 പേരാണ് മരിച്ചത്. NIA പ്രത്യേക കോടതിയിൽ ദേശീയ അന്വേഷണ ഏജൻസിയുടെ വിചാരണാ നടപടികളിലും, മറ്റ് നിയമ കാര്യങ്ങളിലും അദ്ദേഹമായിരിക്കും പങ്കെടുക്കുക. മൂന്ന് വർഷത്തേക്കാണ് നിയമനം.

✪✪✪

ഇന്ത്യയുടെ സാസ്കാരികവും പ്രകൃതി ദത്തവുമായ ശക്തി കേന്ദ്രമായി പേരുകേട്ട, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ ആകർഷക വിനോദ സഞ്ചാര കേന്ദ്രങ്ങളായി ഉയർന്നു വരാനിരിക്കുകയാണെന്ന് കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ പറഞ്ഞു. സുസ്ഥിര വികസനം, സംയോജിത ആസൂത്രണം, കണക്ടിവിറ്റി എന്നിവയിൽ ഈ സംസ്ഥാനങ്ങൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും കേന്ദ്രമന്ത്രി ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

ഡൽഹി മുൻസിപ്പൽ കോർപ്പറേഷൻ ഉപ തെരഞ്ഞെടുപ്പിൽ 12-ൽ ഏഴിടത്ത് വിജയിച്ചതായി BJP അറിയിച്ചു. ആം ആദ്മി പാർട്ടി മൂന്നിടത്തും കോൺഗ്രസും ഓൾ ഇന്ത്യ ഫോർവേഡ് ബ്ലോക്കും ഓരോ സീറ്റിലും വിജയിച്ചു.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ  ഒന്നാം ഘട്ട പരസ്യ പ്രചാരണത്തിന് അഞ്ചു ദിവസം ശേഷിക്കെ സ്ഥാനാർത്ഥികളും മുന്നണികളും ഊർജ്ജിത പ്രചാരണത്തിൽ. വാർഡുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച ലഘുലേഖകൾ, ആകർഷകമായ പോസ്റ്ററുകൾ  എന്നിവ എല്ലായിടത്തും നിറഞ്ഞുകഴിഞ്ഞു.

തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഹരിത ചട്ടം പാലിച്ചാണ് എല്ലായിടത്തും പ്രചാരണം. ഇതിനു പുറമെ സാമൂഹിക മാധ്യമങ്ങൾ വഴി റീലുകൾ തയ്യാറാക്കി വോട്ടർമാരുടെ മനസ്സിൽ ഇടം നേടാൻ സ്ഥാനാർത്ഥികളും പാർട്ടികളും ശ്രമിച്ചു വരികയാണ്.

✪✪✪

വയനാട്ടിൽ തെരഞ്ഞെടുപ്പ് രംഗം ചൂടേറി. നഷ്ടപ്പെട്ട ഡിവിഷനുകൾ തിരിച്ചു പിടിക്കാനും, നിലവിലുള്ളവ  നിലനിർത്താനും തീവ്ര ശ്രമത്തിലാണ് രാഷ്ട്രീയ പാർട്ടികൾ.

വയനാട്ടിൽ നിന്ന് അരുൺ വിൻസെന്റ്....

.......വോയ്സ്......

✪✪✪

ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഉച്ചയ്ക്ക് ഒന്നരയ്ക്ക് റായ്പൂരിൽ ആരംഭിക്കും. മൂന്നു മത്സര പരമ്പരയിൽ ആദ്യത്തേത് ജയിച്ച് ഇന്ത്യ മുന്നിട്ടു നിൽക്കുകയാണ്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസ് FC, കാലിക്കറ്റ് FC യെ നേരിടും. വൈകീട്ട് 7.30 ന് തിരുവനന്തപുരത്താണ് മത്സരം.

✪✪✪

ലൈംഗിക പീഡന കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ MLA-യുടെ മുൻകൂർ ജാമ്യാപേക്ഷ തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതി പരിഗണിക്കുന്നു. അടച്ചിട്ട മുറിയിലാണ്  വാദം കേൾക്കുന്നത്.

✪✪✪

രാഹുൽ മാങ്കൂട്ടത്തിലിനെതിരെ  കഴിഞ്ഞ ദിവസം യുവതി  KPCC യ്ക്ക് ഇ-മെയിൽ വഴി നൽകിയ പരാതി DGPയ്ക്ക് കൈമാറിയതായി പാർട്ടി പ്രസിഡന്റ് സണ്ണി ജോസഫ് അറിയിച്ചു. ഇക്കാര്യത്തിൽ രാഹുലിനെ സംരക്ഷിക്കുന്ന നിലപാട് പാർട്ടിക്കില്ലെന്നും നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്നും അദ്ദേഹം ആലപ്പുഴയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

രാഹുൽ മാങ്കൂട്ടത്തിലിന് എതിരെ കടുത്ത നടപടിയുണ്ടാകുമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് K മുരളീധരൻ പറഞ്ഞു. നടപടി സംബന്ധിച്ച് KPCC പ്രസിഡന്റ് അടക്കം പാർട്ടി നേതാക്കളുമായി ആശയ വിനിമയം നടത്തിയതായും മുരളീധരൻ തിരുവനന്തപുരത്ത് മാധ്യമങ്ങളെ അറിയിച്ചു.

പൊതുപ്രവർത്തന രംഗത്ത് നിൽക്കുന്നവർ ചെയ്യേണ്ട പ്രവൃത്തിയല്ല രാഹുൽ മാങ്കൂട്ടത്തിലിന്റെ ഭാഗത്തു നിന്നുണ്ടായതെന്നും മുരളീധരൻ അഭിപ്രായപ്പെട്ടു.

✪✪✪

ശബരിമല സ്വർണകൊള്ള കേസിൽ അന്വേഷണത്തിന് ഹൈക്കോടതി ഒരു മാസം കൂടി സമയം നീട്ടി നൽകി. പ്രത്യേക അന്വേഷണ സംഘത്തിന് നേരത്തെ അനുവദിച്ച ആറാഴ്ച സമയം ഇന്ന് അവസാനിക്കാനിരിക്കെയാണ് സമയം ഒരു മാസം കൂടി നീട്ടിയത്. ഇടക്കാല ഉത്തരവിലാണ് ഹൈക്കോടതി നടപടി. മൂന്നാം ഘട്ട അന്വേഷണ പുരോഗതി റിപ്പോർട്ട് SIT രാവിലെ കോടതിയിൽ സമർപ്പിച്ചിരുന്നു.

✪✪✪

ശബരിമല സ്വർണകൊള്ള കേസിൽ ദേവസ്വം മുൻ കമ്മീഷണർ N. വാസുവിന്റെ ജാമ്യാപേക്ഷ കോടതി തള്ളി. കൊല്ലം വിജിലൻസ് കോടതിയാണ് ജാമ്യാപേക്ഷ തള്ളിയത്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് A. പത്മകുമാറിന്റെ റിമാൻഡ് കാലാവധി നീട്ടണമെന്ന പ്രത്യേക അന്വേഷണ സംഘത്തിന്റെ അപേക്ഷ കോടതി ഇന്ന് പരിഗണിച്ചേക്കും.

പത്മകുമാറിന്റെ ജാമ്യാപേക്ഷ ഈ മാസം എട്ടിനാണ് പരിഗണിക്കുന്നത്. ശബരിമല മുൻ എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ് കുമാറിന്റെ ജാമ്യാപേക്ഷയും അന്ന് പരിഗണിക്കും.

✪✪✪

ഇന്ന് ലോക ഭിന്നശേഷി ദിനം. ഭിന്നശേഷിക്കാർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനും, അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും, ഭിന്നശേഷിക്കാർക്കെതിരായ വിവേചനവും, അസമത്വവും അവസാനിപ്പിക്കാനുമാണ് ദിനാചരണം.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത മുൻനിർത്തി ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലാണ് ജാഗ്രത.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*NRTs: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*